(എ) ആലപ്പുഴ നഗരത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ പുരോഗതി വ്യക്തമാക്കുമോ ;

(ബി) നഗരത്തിൽ എത്ര കിലോമീറ്റർ നീളത്തിലാണ് റോഡ് നിർമ്മിക്കുന്നത് ;

(സി) ഹൈവേയുടെ വീതി എത്ര മീറ്ററായാണ് നിശ്ചയിച്ചിരിക്കുന്നത് ;

(ഡി) പ്രസ്തുത വീതി എല്ലായിടത്തും കൃത്യമായി പാലിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഇ) തീരദേശ ഹൈവേയുടെ എസ്റ്റിമേറ്റ് എത്രയാണ് ;

(എഫ്) ആരാണ് റോഡ് പണിയുടെ കരാർ എടുത്തിട്ടുള്ളത് ; കരാറിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആലപ്പുഴ പരിധിയിലുള്ള തീരദേശ ഹൈവേയുടെ പ്രവൃത്തികൾ ഏകദേശം 85% തീർന്നിരിക്കുകയാണ്. മാർച്ച് മാസം പകുതിയോടുകൂടി പണി പൂർത്തീകരിക്കുന്നതാണ്.

(ബി) 3185 മീറ്റർ റോഡാണ് നഗരപരിധിയിൽക്കൂടി കടന്നുപോകുന്നത്.

(സി) മുനിസിപ്പൽ പ്രദേശങ്ങളിൽ നിലവിലുള്ള റോഡിന്റെ വീതിയും പൊതുമരാമത്ത് വകുപ്പ് റോഡിൽ പാലമ്പുറോഡ് മുതൽ കല്ലൻ റോഡുവരെ 7 മീറ്റർ വീതിയും ബാപ്പു വൈദ്യർ ജംഗ്ഷൻ മുതൽ മാളികമുക്കുവരെ 5.5 മീറ്റർ വീതിയിലുമാണ് റോഡ് നിർമ്മിക്കുന്നത്.

(ഡി) പാലിക്കുന്നുണ്ട്.

(ഇ) 1,53,96,190 രൂപ.

(എഫ്) ശ്രീ. ജോയ് ജോസഫ് ഇ., ഇത്തിപ്പറമ്പിൽ വീട്, തത്തംപള്ളി പി.ഒ., ആലപ്പുഴയാണ് കരാറുകാരൻ. ഈ ജോലി ഏസ്റ്റിമേറ്റ് റേറ്റിനേക്കാൾ 25% അധികരിച്ചാണ് ചെയ്യുന്നത്.

ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗത പ്രശ്നം

198 (648) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ.എച്ച്. 47-ന്റെ വികസനവുമായി ബന്ധപ്പെട്ട് ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനിലുണ്ടാകുന്ന ഗതാഗതപ്രശ്നങ്ങളും ജംഗ്ഷൻ അടഞ്ഞുപോകുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുനിസിപ്പൽ ജംഗ്ഷനിലെ ഗതാഗതപ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും നിർദ്ദേശം എൻ.എച്ച്.എ.ഐ.-ക്ക് നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി)) ചാലക്കുടി മുനിസിപ്പൽ ജംഗ്ഷന്റ ഒരു സബ്വേ നിർമ്മിക്കണമെന്ന് 16-8-2007-ലെ കത്ത് പ്രകാരം സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയോട് ആവശ്യപ്പെട്ടു. ആയതിന്റെ അടിസ്ഥാനത്തിൽ ഇവിടെ ഒരു അണ്ടർപ്പാസ് നിർമ്മിക്കുന്നതിന് 26-3-2008-ലെ കത്ത് പ്രകാരം NHAI അനുമതി നൽകുകയുണ്ടായി. എന്നാൽ പ്രാദേശികമായ ചില അഭിപ്രായ വ്യത്യാസങ്ങൾ നിലനിൽക്കുന്നതിനാൽ പണികൾ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

കിടങ്ങൂർ ഹൈവേ ജംഗ്ഷനിൽ ട്രാഫിക് ഐലൻഡിന്റെ വികസനം

199 (649) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തു്, പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിടങ്ങൂർ ഹൈവേ ജംഗ്ഷനിൽ ട്രാഫിക് ഐലൻഡ് ഉൾപ്പെടെ വികസനം പൂർത്തിയാക്കി പി.കെ.വി. സ്കയർ എന്ന് നാമകരണം ചെയ്യുന്നത് സംബന്ധിച്ച് CE/R/B853/09, C2/12668/10 എന്നീ ഫയലുകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഫയലുകളിൽ ഉണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഫയലുകൾ വേഗം തീർപ്പുകൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 15-2-1996-ലെ സ.ഉ.(എം.എസ്.)49/96/PW&T പ്രകാരം പൊതുമരാമത്തുവകുപ്പിന് കീഴിലുള്ള റോഡുകൾ നാമകരണം ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ജില്ലാ കളക്ടർ മുഖാന്തിരമുള്ള ശിപാർശ പരിഗണിച്ചാണ്. ഇക്കാര്യത്തിൽ ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും)-ടെയും കോട്ടയം ജില്ലാ കളക്ടറുടേയും റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly